# ഉയിർപ്പുക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

### മത്താ 28,1-20

***"കണ്ണുനീരിനപ്പുറം കന്മദമുണ്ടെന്ന കണ്ടെത്തലാണ് ഉത്ഥാനത്തിരുനാൾ!"***

രണ്ടായിരാമാണ്ടിൽ റോമൻകൂരിയായെ ധ്യാനിപ്പിക്കാൻ ദിവംഗതനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ക്ഷണിച്ചത് വിയറ്റ്നാമിൽ നിന്നുള്ള വാൻ ത്വാൻ എന്ന മെത്രാനെയാണ്. നീണ്ട പതിമൂന്ന് വർഷക്കാലം കമ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ കീഴിൽ ദൈവത്തിൽ വിശ്വസിക്കുന്നു എന്നതിന്റെ പേരിൽ ഏകാന്ത തടവിന് വിധിക്കപ്പെട്ട മെത്രാനായിരുന്ന വാൻ ത്വാൻ. കാപ്പി കുടിക്കുന്നതിന്റെ ഇടയിൽ കുശലന്വേഷണമായി പരി.പിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ വാൻ ത്വൻ എന്ന മെത്രാനോട് ചോദിച്ചു;

"താങ്കൾ എന്തിനെ കുറിച്ചാണ് ഇന്ന് ഞങ്ങളെ ധ്യാനിപ്പിക്കാൻ പോകുന്നത്?"

വാൻ ത്വാൻ എന്ന മെത്രാൻ തന്റെ രണ്ട് കരങ്ങളും പരി.പിതാവിന് മുമ്പിൽ തുറന്നുപിടിച്ചിട്ട് പറഞ്ഞു;

"പരി.പിതാവേ, കഴിഞ്ഞ പതിമൂന്ന് വർഷക്കാലം കമ്യൂണിസ്റ്റ് ഭരണകൂടത്തിന് കിഴീൽ ഏകാന്ത തടവിന് വിധിക്കപ്പെട്ടപ്പോൾ രാത്രിയുടെ ഇരുണ്ടയാമങ്ങളിൽ ആരും കാണാതെ വലതുകൈയിൽ മൂന്ന് തുള്ളി വീഞ്ഞും അതിൽ ഒരു തുള്ളി വെള്ളവുമൊഴിച്ച്, ഇടതുകൈയിൽ അപ്പത്തിന്റെ ഏതാനും പൊടികഷണങ്ങളുമിട്ട് ഞാൻ വി.ബലിയർപ്പിച്ചു. അപ്പോഴൊക്കെ വി.ബലിയിൽ എഴുന്നുള്ളി വരുന്ന കർത്താവിനോട് ഞാൻ പ്രാർത്ഥിച്ചത് ഒന്നുമാത്രമാണ് 'എന്റെ വിശ്വാസത്തെ കാത്തുസൂക്ഷിക്കാനുള്ള വരം തരണമെയെന്ന്.' കാസയും പീലാസയുമായ് എന്റെ കൈകളെ തലങ്ങനെയും വിലങ്ങനെയും വച്ച് സ്വർഗ്ഗത്തിലേയ്ക്കുയർത്തുമ്പോൾ അതിൽ കിടന്ന് ക്രൂശിതൻ "പ്രത്യാശ"യെ കുറിച്ച് എന്നോട് സംസാരിക്കുമായിരുന്നു. ക്രൂശിതൻ എന്നെ പഠിപ്പിച്ച "പ്രത്യാശ"യെ കുറിച്ച് ഞാൻ അങ്ങയോട് സംസാരിക്കട്ടെ?"

ഭോഷത്വത്തിന്റെ അടയാളമായിട്ടുള്ള കുരിശിനെ രക്ഷയുടെ അടയാളമാക്കി കുരിശിൽ മരിച്ചവൻ ഉത്ഥാനതിരുനാളിൽ നമ്മോട് വാചാലനാകുന്നത് "പ്രാത്യാശ"യെ കുറിച്ചാണ്. ഈസ്റ്റർ പ്രത്യാശയുടെ ആഘോഷമാണ്. ആർഷഭാരത സംസ്ക്കാരത്തിലെ എറ്റവും വലിയ പ്രാർത്ഥനകളിൽ ഒന്നായ "മൃത്യോർമ്മ അമൃതം ഗമയ" - "മരണത്തിൽ നിന്ന് ജീവനിലേയ്ക്ക് നയിക്കണമേ" എന്നതിനുള്ള ദൈവത്തിന്റെ ഉത്തരമാണ് ഉത്ഥാനതിരുനാൾ. ഇന്നലെയും ഇന്നും എന്നും മനുഷ്യനെ അലട്ടുന്ന വലിയ ചോദ്യങ്ങളിൽ ഒന്നാണ് "മരണത്തിനപ്പുറം എന്ത്?" ഇനി മുതൽ ഈ ചോദ്യത്തിന് വിശ്വാസികളുടെ ഇടയിൽ പ്രസക്തിയില്ല. കാരണം, "ഞാനാകുന്നു പുനരുത്ഥാനവും ജീവനുമെന്ന്" (യോഹ 11,25) പറഞ്ഞവൻ ജീവിതം കൊണ്ട് തന്നെ പഠിപ്പിക്കുന്നു, 'മരണത്തിന് ശേഷം ഇനിയെന്ത്യെന്ന്.' മരണത്തിന് ശേഷം പുനരുത്ഥാനം. നിത്യതയിലേയ്ക്കുള്ള ക്ഷണകത്താണ് മരണം.

ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യൻമാർക്ക് സമ്മാനിക്കുന്ന ആശംസ, 'ഭയപ്പെടേണ്ട, നിങ്ങൾക്ക് സമാധാനം!' (28,10). വരികൾക്കിടയിൽ നിന്ന് ഒന്ന് വ്യക്തമാണ്, "ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വാസമർപ്പിക്കുന്നവരാരും ഇനിമേൽ ഭയപ്പെടേണ്ട. കാരണം, അവന്റെ അഭയശില കർത്താവാണ്. അഭയശില കർത്താവിനെയാക്കുന്നവർക്ക് അവൻ നൽകുന്നതോ, തന്റെ സമാധാനവും." ആദിമാതാപിതാക്കളുടെ പാപം മനുഷ്യവർഗ്ഗത്തെ

*ക്രിസ്തു ഉയർത്തു എന്നതിനുള്ള തെളിവ് വി.പൗലോസ് ആണ്. ഉത്ഥിതനെ കണ്ടവർക്കുമാത്രമെ, കേട്ടവർക്കുമാത്രമെ, അനുഭവിച്ചവർക്കുമാത്രമെ ഇത്തരണത്തിലുള്ള ഒരു 'യൂ ടേൺ' ജീവിതത്തിലെടുക്കാൻ കഴിയു....*

പറുദീസായിൽ നിന്ന് പുറത്താക്കിയെങ്കിൽ ക്രിസ്തുവിന്റെ കുരിശുമരണം മനുഷ്യകുലത്തിന് സമ്മാനിച്ചത് പറുദീസയാണ്. പറുദീസ സ്വന്തമാക്കിയവൻ എന്തിനെയാണ് ഭയക്കേണ്ടത്? മഗ്ദലേന മറിയത്തോട് ക്രിസ്തു ചോദിക്കുന്ന ചോദ്യമുണ്ട്, "സ്ത്രീയേ, എന്തിനാ നീ കരയുന്നേ?" (യോഹ 20,13). ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വസിക്കുന്ന ആരെങ്കിലും കരയുന്നുണ്ടെങ്കിൽ ക്രിസ്തു അവരോടും ചോദിക്കുന്ന ചോദ്യം ഇതു തന്നെയാണ്, "എന്തിനാ നീ കരയുന്നേ?"

ഈസ്റ്റർ സമ്മാനിക്കുന്ന ചിന്തകളിൽ സമ്പന്നമായത്, "കുരിശിനപ്പുറം ഉയർപ്പുണ്ടെന്നും, കടലിനപ്പുറം കരയുണ്ടെന്നും, ഇരുളിനപ്പുറം പുലരിയുടെ പൊന്നൊളിയുണ്ടെന്നും, മരണത്തിനപ്പുറം നിത്യജീവനുണ്ട്" എന്നുള്ളവയാണ്. ജീവതം കണ്ണുനീർ മാത്രമയി അവസാനിച്ച ആരുമില്ല. കണ്ണുനീരുകളുടെ ദുഃഖവെള്ളിയാഴ്ചകളിൽ പ്രത്യാശ കൈവിടാതെ "ഭയപ്പെടേണ്ട, നിങ്ങൾക്കു സമാധാനം" എന്നു പറയുന്നവനിൽ അഭയം പ്രാപിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ ഈസ്റ്ററിന്റെ സന്തോഷം അനുഭവിച്ചറിയാൻ സാധിക്കും.

ഈസ്റ്റർ രാത്രി മെഴുകുതിരികളുമായ് ഉത്ഥിതനായ ക്രിസ്തുവിനെയും കൊണ്ട് ദേവാലയത്തിനു ചുറ്റു പ്രദക്ഷിണം വയ്ക്കുമ്പോൾ പ്രകാശം സമ്മാനിക്കുന്ന പ്രത്യാശ സ്വന്തമാക്കാൻ സാധിക്കണം! ഈസ്റ്റർ പ്രത്യാശയുടെ പൊൻകിരണമാണ്....

2003 ൽ ഗുജറാത്ത് ഭൂഗമ്പസമയത്ത് ന്യൂസ് പേപ്പറിൽ വായിച്ച ഒരു സംഭവം ഓർമ്മയിലുണ്ട്. വ്യക്തിയുടെ പേരും വിശദവിവരങ്ങളുമെല്ലാം മറന്നു പോയി. എങ്കിലും, ഈസ്റ്റർ ദിനത്തിൽ "പ്രത്യാശ"യെ അധികമായി ധ്യാനിക്കുമ്പോൾ ഈ സംഭവം ഏറെ അർത്ഥം സമ്മാനിക്കുന്ന തോന്നുകയാണ്.

ഗുജറാത്ത് ഭൂഗമ്പത്തിന് ശേഷം ഏഴ് ദിവസങ്ങൾ കഴിഞ്ഞ് ഒരു പെൺകുട്ടിയെ കോൺഗ്രീറ്റ് സ്ലാബുകൾക്കിടയിൽ നിന്ന് രക്ഷപ്രവർത്തകർ രക്ഷിക്കുകയാണ്. ഏറെ ക്ലേശകരമായിരുന്നു അവരുടെ കഷ്ടപ്പാട്. മരണത്തെ അതിജീവിച്ച് പുറത്തുവന്ന ആ പെൺകുട്ടിയുടെ അടുത്ത് മാധ്യമപ്രവർത്തകർ എല്ലാവരും ചോദിച്ച ഒറ്റ ചോദ്യം ഇതായിരുന്നു;

"തകർന്നുവീണ കോൺഗ്രീറ്റ് സ്ലാബുകൾക്കിടയിൽ വെള്ളവും ഭക്ഷണവുമില്ലാതെ, എന്തിനേറെ, ആവശ്യത്തിന് ഓക്സിജൻ പോലുമില്ലാതെ എങ്ങനെയാണ് ഇത്രയും ദിവസം ജീവൻ നിലനിർത്തിയത്?"

അതിന് ഈ പെൺകുട്ടി പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു;

"തീർത്തും അവിചാരിതമായ നിമിഷത്തിലാണ് വില്ലനായ് ഭൂഗമ്പം കടന്ന് വന്നത്. കണ്ണടച്ച് തുറക്കുന്നതിന് മുമ്പ് കെട്ടിടങ്ങൾ എല്ലാം നിലം പൊത്തിയിരുന്നു. രക്ഷപ്പെടാനായ് തിരിഞ്ഞോടാൻ പരിശ്രമിച്ചപ്പോഴാണ് ഞാനും തിരിച്ചറിയുന്നെ, 'ഞാനും കോൺഗ്രീറ്റ് സ്ലാബുകൾക്കിടയിൽ അകപ്പെട്ടിരിക്കുകയാണെന്ന്'. ഒന്നു തിരിയാൻ പോലും ആകാത്ത അവസ്ഥയിൽ, മരണത്തെ മുഖാമുഖം കണ്ട അവസ്ഥയിൽ ദൈവത്തെ മുട്ടിപ്പായ് വിളിച്ചു. ആരാ പറഞ്ഞെ ദൈവമില്ലെന്ന്? കോൺഗ്രീറ്റ് സ്ലാബുകൾക്കിടയിലെ ഒരു ചെറിയ സുഷിരത്തിലൂടെ ദൈവം എനിക്ക് സൂര്യപ്രകാശ രശ്മി അയച്ചു. പകൽ സമയങ്ങളിൽ ഞാൻ ആ സുഷിരത്തിലൂടെ മുകളിലേയ്ക്ക് നോക്കി പ്രത്യാശയോടെ ശബ്ദമുയർത്തി നിലവിളിക്കും. ആരെങ്കിലും എന്റെ ശബ്ദം കേട്ട് എന്നെ രക്ഷിക്കാൻ വരുമെന്ന പ്രത്യാശയോടെ കാത്തിരിക്കും. ഈ സൂര്യപ്രകാശം എന്റെ ജീവിതത്തിലേയ്ക്കയച്ച പ്രത്യാശയുടെ പേരാണ് ദൈവം."

ഈസ്റ്റർ സമ്മാനിക്കുന്നതും ഈ "പ്രത്യാശ" തന്നെയാണ്. ജീവിതം സഹനങ്ങളുടെ നെരിപ്പോടുകളിലൂടെ യാത്രചെയ്യുമ്പോൾ 'മരണത്തിനപ്പുറം ഉത്ഥാനമുണ്ടെന്നുള്ള' ക്രിസ്തുവിന്റെ ഉത്ഥാനം സഹനങ്ങളെ ഏറ്റെടുക്കാനായ് നമ്മെ ബലവത്താക്കുന്നു. സഹനങ്ങളൊന്നും അവയിൽ തന്നെ അവസാനിക്കേണ്ട ഒന്നല്ല. മറിച്ച്, സഹനങ്ങളെല്ലാം രക്ഷയ്ക്ക് കാരണമാക്കേണ്ടവയാണ്. "സഹനങ്ങളെ പ്രത്യാശയോടെ നേരിടുന്നവർക്ക് ദൈവം സമ്മാനിക്കുന്ന അനുഗ്രത്തിന്റെ പേരാണ് ഉത്ഥാനതിരുനാൾ. ഉത്ഥാനതിരുനാൾ നൽകുന്ന അനുഗ്രഹമോ 'ഭയപ്പെടേണ്ട, നിങ്ങൾക്ക് സമാധാനം!' (28,10) എന്ന ആശംസയും.

"ദുഃഖം സന്തോഷമായ് മാറ്റപ്പെടുന്ന ഉത്സവമുണ്ടെങ്കിൽ അതിന്റെ പേരാണ് ഈസ്റ്റർ!" കാൽവരിയുടെ വിരിമാറിലെ ദുഃഖത്തിന്റെ പരിസമാപ്തി എത്തിയത് കല്ലറയിലാണ്. പക്ഷെ, കല്ലറയിലെ മൂന്ന് ദിവസത്തെ മൂടൽ മഞ്ഞിന് ശേഷം ലോകം നെഞ്ചിലേറ്റിയത് സന്തോഷത്തിന്റെ വാർത്തയായിരുന്നു; "ക്രിസ്തു മരണത്തെ കീഴടക്കിയിരിക്കുന്നു!" ദുഃഖം സന്തോഷമായ് മാറി. ചുരുക്കത്തിൽ, "ദുഃഖവെള്ളിയുടെ ഗദ്ഗദം നെഞ്ചിലേറ്റുന്നവർക്ക് കർത്താവ് സമ്മാനിക്കുന്ന കന്മദമായി ഉത്ഥാനതിരുനാൾ മാറ്റപ്പെടുകയാണ്." കഴിഞ്ഞ എതാനും മാസങ്ങൾക്കുമുമ്പ് ദുഃഖം സന്തോഷമായ് മാറ്റപ്പെട്ട ഒരു വരാത്ത വായിക്കാനായ് ഇടയായ്. അത് 260 തോളം യാത്രക്കാരുമായ് 2014 മാർച്ച് 8ന് കടലിൽ പതിച്ച മലേഷ്യൻ വിമാന ദുരന്തവുമായ് ബന്ധപ്പെട്ടതാണ്. ദുഃഖം സന്തോഷമായ് മാറ്റപ്പെട്ട ആ വ്യക്തിയുടെ പേര് ക്രിസ്റ്റീന എന്നാണ്.

സിംങ്കപൂർക്ക് പോകാനായ് കുടുംബത്തിലെ ഒമ്പത് പേർക്ക് മലേഷ്യൻ വിമാനത്തിൽ ടിക്കറ്റ് ബുക്ക് ചെയ്തു. പക്ഷെ, വിമാനം പുറപ്പെടേണ്ട 8-ാം തിയ്യതിക്ക് പകരം ക്രിസ്റ്റീനയുടെ ഓർമ്മയിൽ നിന്നിരുന്നത് 9-ാം തിയ്യതി എന്നായിരുന്നു. എയർ ട്രാൽസുക്കാർ ക്രിസ്റ്റീനയെയും കുടുംബത്തെയും കാണാതെ വന്നപ്പോൾ പലപ്രാവശ്യം ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. അവസാനം വിമാനം പുറപ്പെട്ടതിന് ശേഷം മാത്രമാണ് ക്രിസ്റ്റീനയുമായ് ബന്ധപ്പെടാൻ സാധിച്ചത്. അവർക്കും കുടുംബത്തിനും വലിയ വിഷമമായി. വലിയൊരു ആഗ്രഹമായിരുന്നു, അവധിക്കാലത്ത് സിംങ്കപൂർ സന്ദർശിക്കണമെന്ന്. അതിപ്പോൾ, ചരടില്ലാതെ കാറ്റിൽ പറക്കുന്ന പട്ടപ്പോലെയായല്ലോ എന്നുള്ള വിഷമത്തോടെ ഇരിക്കുമ്പോഴാണ് മാധ്യമങ്ങളിലൂടെ ആ വാർത്ത അവരെ തേടിയെത്തുന്നത്. "260 യാത്രക്കാരുമായ് പോയ മലേഷ്യൻ വിമാനം അപ്രത്യക്ഷമായിരിക്കുന്നു." ക്രിസ്റ്റീന മാധ്യമങ്ങൾക്കുമുമ്പിൽ മനസ് തുറക്കുകയാണ്,

"തീർച്ചയായും, ഇത്രയും പേരുമായ് പോയ വിമാനം അപ്രത്യക്ഷമായതിൽ എനിക്കും എന്റെ കുടുംബത്തിനും വിഷമമുണ്ട്. എങ്കിലും, ദൈവം ഞങ്ങളെ പരിപാലിക്കുന്ന വിധം ഓർത്താൽ നന്ദി ചൊല്ലി തീർക്കുവാൻ വക്കുകളില്ലായെന്ന്."

ക്രിസ്റ്റീനയുടെയും കുടുബത്തിന്റെയും വിമാനം നഷ്ടപ്പെട്ടതിലുള്ള ദുഃഖം അൽപ്പ സമയത്തിന് ശേഷം സന്തോഷമായ് മാറ്റപ്പെടുകയാണ്. ഇതിനേക്കാൾ എത്രയോ മടങ്ങാണ് ക്രിസ്തു മരണത്തെ കീഴടക്കിയപ്പോൾ ലോകത്തിന് സ്വന്തമായത്. അത് രക്ഷയുടെ വാതായനങ്ങൾ മനുഷ്യമക്കൾക്ക് മുമ്പിൽ മലർക്കേ തുറക്കലായിരുന്നു. ഉത്ഥിതനെ കണ്ടുമുട്ടിയവരാരും പിന്നിട് 'ഭയത്തിന്റെ നിഴലിൽ യാത്ര ചെയ്തിട്ടില്ല!' കർത്താവിന്റെ ശിഷ്യൻമാരുടെ ജീവിതത്തിലേയ്ക്കൊന്നു നോക്കിയാൽ മതി.

ഗത്സമൻ തോട്ടത്തിൽ കർത്താവിനോട് കൂടെ ഒരു മണിക്കൂർ പോലും ഉണർന്നിരിക്കാൻ സാധിക്കാത്തവർ, കർത്താവിനെ കോഴി കൂവുന്നതിന് മുമ്പ് മൂന്ന് പ്രാവശ്യം തള്ളി പറഞ്ഞവൻ, ഗുരുവിന്റെ സഹനങ്ങളിൽ കുരുവിനോടു കൂടെ യാത്ര ചെയ്യാൻ സാധിക്കാത്തവർ, ഗുരുവിന്റെ മരണം പേടിയുണർത്തി കതകടച്ച് ബന്ധവസായ് ജീവിച്ചവർ, അതിജീവനത്തിനായ് പഴയ ജോലിയിലേയ്ക്ക് തിരിച്ചുപോയവർ കർത്താവനെ കണ്ടുമുട്ടിയപ്പോൾ അധരങ്ങൾ ജ്വലിക്കുന്നു... പാദങ്ങൾക്ക് ചിറക് മുളയ്ക്കുന്നു.... വാക്കുകൾക്ക് അഗ്നിശുദ്ധി വരുന്നു... പിന്നീടവർ ക്രിസ്തുവിന്റെ കുരിശ് ചങ്കിന് കുറുകെയാണ് വരയ്ക്കുന്നത്. അവരിൽ നിന്ന് ഉയരുന്ന കീർത്തനം ഒന്നുമാത്രം, "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്" (ഫിലി 1,21)

*കല്ലറയിൽ ഇനി*
*ക്രിസ്തുവില്ല.*
*മറിച്ച്,*
*കരയുമ്പോൾ മിഴി*
*ഉയർത്തി*
*ഒന്നു നോക്കുക...*
*"എന്തിനാണ്,*
*നീ കരയുന്നത്?"*
*എന്നു ചോദിച്ച്*
*ക്രിസ്തു*
*അരികിലുണ്ട്.*

***"മരണമേ നിന്റെ വിജയം എവിടെ?***
***മരണമേ, നിന്റെ ദംശനം എവിടെ?"***

**1കോറി 15,55**

ഫാ. ജോബി മേനോത്ത് : +91 944 7777 931